പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.305 — 12.12.2018 ൽ മറുപടിയ്ക്ക്

## സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി.<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. ടി.വി.ഇബ്രാഹിം<br>ശ്രീ. പി.കെ.അബ്ദു റബ്ബ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സപ്ലൈകോ വിൽപന കേന്ദ്രങ്ങളിൽ അവശ്യസാധനങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | അത്തരത്തിൽ പരാതികൾ ചില കേന്ദ്രങ്ങളിൽ നിന്നും മാത്രമേ കേട്ടിട്ടുള്ളു. അപ്പോൾ ചില വിൽപ്പനശാലകളിൽ ചില ഇനങ്ങൾ ആവശ്യമായ അളവിൽ ലഭ്യമാകാതെ വന്നപ്പോൾ മറ്റു വിൽപ്പനശാലകളിൽ നിന്നോ മറ്റ് ഡിപ്പോകളിൽ നിന്നോ സ്റ്റോക്ക് യഥാസമയം എത്തിച്ച് സാധനങ്ങളുടെ ദൗർലഭ്യം പരിഹരിച്ചിട്ടുണ്ട്. |
| (ബി) | സപ്ലൈകോയിലെ വിതരണക്കാർക്ക് കുടിശ്ശിക വന്നിട്ടുളളതിനാൽ സാധനങ്ങളുടെ വിതരണത്തിൽ തടസ്സം നേരിട്ടിട്ടുണ്ടോ; | (ബി) | തടസ്സം നേരിട്ടിട്ടില്ല. |
| (സി) | സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രളയത്തെത്തുടർന്ന് സപ്ലൈകോയുടെ ചില വിപണനശാലകൾ നശിച്ചുപോകുകയുണ്ടായി. കൂടാതെ നെല്ല് സംഭരണ സംസ്കരണ വിതരണ പദ്ധതിയിൽ സപ്ലൈകോ ഗോഡൗണുകളിൽ വെള്ളം കയറി നെല്ലും അരിയും നശിച്ച വകയിൽ **120** കോടി രൂപയുടെ നഷ്ടം ഉണ്ടായി. ഇതുമൂലം താൽക്കാലിക സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാകാത്തതിനെ തുടർന്നാണ് മേൽപ്പറഞ്ഞ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിട്ടുള്ളത്. എന്നിരുന്നാലും മുൻവർഷം ലഭിച്ചതുപോലെ തന്നെ വിപണിയിടപെടലിനായി സപ്ലൈകോവിന് **200** കോടി രൂപ വകയിരുത്തിയിട്ടുണ്ട്. **FMCG (Fast Moving Consumer goods)** വിൽപ്പനയിൽ നിന്നും കിട്ടുന്ന ലാഭവും സർക്കാർ വിഹിതവും ചേർത്തുകൊണ്ടാണ് സബ്സിഡി ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്. |

| | | | |
|---|---|---|---|
| | | | സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡി ഉള്ള നിത്യോപയോഗ സാധനങ്ങളുടെ വില 5 വർഷത്തേയ്ക്ക് വർദ്ധിപ്പിക്കില്ലായെന്നത് ഈ സർക്കാരിന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ ഒന്നാണ്. അധികാരത്തിൽ എത്തിയതിനു ശേഷം നാളിതുവരെ മേൽപ്പറഞ്ഞ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. വെളിച്ചെണ്ണ, പഞ്ചസാര എന്നീ ഇനങ്ങൾ മാത്രം മേൽപ്പറഞ്ഞ പ്രകാരം വിപണനം നടത്തിയതു വഴി സെപ്റ്റംബർ 30 വരെ സപ്ലൈകോവിന് വന്നിട്ടുള്ള സാമ്പത്തിക ബാദ്ധ്യത യഥാക്രമം 45.99 കോടി രൂപ 33.75 കോടി രൂപ എന്നിങ്ങനെയാണ്. സംസ്ഥാനത്ത് 81.14 ലക്ഷം വരുന്ന കാർഡുടമകൾക്ക് ഓരോരുത്തർക്കും മേൽപ്പറഞ്ഞ 14 ഇനം സബ്സിഡി സാധനങ്ങളും ലഭിക്കുവാൻ അർഹതയുണ്ട്. എന്നാൽ റേഷൻ കാർഡ് ദുരുപയോഗപ്പെടുത്തി ഓരോ കടയിൽ നിന്നും സബ്സിഡി ആനുകൂല്യം തട്ടിയെടുക്കുന്നതായി വ്യാപകമായ പരാതി ഉയർന്നതിനെ തുടർന്ന് ഒരു കാർഡ് ഉടമയ്ക്ക് മാസത്തിൽ ഒരു തവണ മാത്രം സബ്സിഡി ആനുകൂല്യം ലഭ്യമാകുന്ന വിധം സോഫ്റ്റ് വെയർ പരിഷ്കരണം നടപ്പിലാക്കി. സപ്ലൈകോ വഴി വിപണനം ചെയ്യുന്ന FMCG ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ മാർജിൻ വർദ്ധിപ്പിക്കുന്നതിനായി ബ്രാൻഡ് ഉടമകളുടെ പ്രത്യേക യോഗം സർക്കാർ തലത്തിൽ വിളിച്ച് ചേർത്ത് ലാഭം വർദ്ധിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കി. ഏകദേശം 4 കോടിയോളം രൂപ ഈ ഇനത്തിൽ അധികമായി കണ്ടെത്തുവാൻ സാധിച്ചു. സംസ്ഥാനത്തെ നൂറ്റിയഞ്ചോളം വരുന്ന മെഡിക്കൽ മാവേലി സ്റ്റോറുകളിൽ തൊണ്ണൂറ് ശതമാനവും നഷ്ടത്തിൽ പ്രവർത്തിക്കുന്നതായി കണ്ടതിനെ തുടർന്ന് നിയമസഭാ സമിതി വിഷയത്തിലിടപെടുകയും അവ ഒന്നുകിൽ ലാഭത്തിലാക്കണമെന്നും അല്ലാത്തപക്ഷം അടച്ച് പൂട്ടണമെന്നും നിർദ്ദേശിക്കുകയുണ്ടായി. ഇതിനെ തുടർന്ന് ലാഭത്തിലാകാൻ സാധ്യതയില്ലാത്ത മെഡിക്കൽ സ്റ്റോറുകൾ നിർത്തലാക്കാനും മറ്റുള്ളവ ലാഭത്തിലാക്കുവാനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്തു. ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ജീവനക്കാരെ മേൽപ്പറഞ്ഞ മാവേലി സ്റ്റോറുകളിൽ നിന്ന് പിൻവലിക്കുകയും വിൽപ്പന |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുവാൻ പ്രത്യേകമായ ടാർജറ്റ് അവിടങ്ങളിലെ ഫാർമസിസ്റ്റുകൾക്ക് നിശ്ചയിച്ച് നൽകുകയും ചെയ്തു. ഇതിന്റെ ഫലമായി വിൽപ്പനയിൽ ഇരട്ടിയലധികം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വരുംകാലങ്ങളിൽ റേഷൻ കടകൾ വഴി സപ്ലൈകോ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് നൂറ് വിൽപ്പനശാലകളെ കാലനുസൃതമായ രീതിയിൽ നവീകരിച്ച് വിൽപ്പന വർദ്ധിപ്പിക്കുന്നതിനും വ്യാപാര മേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഹോം അപ്ലയൻസസ് ഷോറൂമുകൾ ആരംഭിക്കുന്നതിനും കൂടുതൽ പെട്രോൾ പമ്പുകൾ, ഗ്യാസ് ഏജൻസികൾ തുടങ്ങിയവ ആരംഭിക്കുന്നതിനും ആലോചനയുണ്ട്. |
| (ഡി) | വിതരണ കേന്ദ്രങ്ങളിലെ ക്രമക്കേടുകൾ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ഡി) | വിതരണ കേന്ദ്രങ്ങളിലെ ക്രമക്കേടുകൾ തടയുന്നതിന് സപ്ലൈകോയുടെ വിജിലൻസ് വിഭാഗത്തിൽ നിന്നും അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | റേഷൻകാർഡൊന്നിന് സപ്ലൈകോയിൽ നിന്നും വിതരണം ചെയ്യുന്ന സബ്സിഡിയുള്ള സാധനങ്ങളുടെ തോത് വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഇ) | നിലവിൽ റേഷൻ കാർഡൊന്നിന് സപ്ലൈകോയിൽ നിന്നും വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വിതരണത്തോത് വെട്ടിക്കുറച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ